Mr. P. Kumaran Ezhuthassan *(Vadakkancheri)*: With reference to the appendix, may I know, Sir, the currency of these names, that is whether they are the names of editors as Matters stand today, on the 7th of Kumbham 1123 or of an anterior date.

റാവു ബഹദൂർ ടി. കെ. നായർ : ഫയൽ ഇവിടെയുണ്ട്. നോക്കി പറയാം.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: I may be given a promise that it will be given tomorrow.

Rao Bahadur T. K. Nayar *(Prime Minister)*: Malayalam 19—4—1103.

ARTICLE IN THE 'GOMATHI' DATED 5TH KANNI 1123—'റവന്യൂ മന്ത്രിക്ക് എന്തുപറ്റി'

262. മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറീത്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു മാനപ്പെട്ട ഗവൺമെണ്ട് ദയവു മറുപടി പറയുമോ.—

(എ) ൧൯൪൭ കന്നി ൫-൦൯-യിലെ 'ഗോമതി' പത്രത്തിൽ 'റവന്യൂമന്ത്രിക്ക് എന്തുപറ്റി എന്ന തലക്കെട്ടിൽ എഴുതിയ' ലേഖനം ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ലേഖനത്തിൽ വിവരിച്ച പണികൾ ആദ്യലേലക്കാരനായ നാണു മേനോൻ ലേലനിബന്ധനയനുസരിച്ചു ലേലത്തുകയുടെ പത്തിനൊന്നു കെട്ടിവെക്കുകയും പണി നടത്തുകയും ഉണ്ടായോ;

(സി) ടി ലേലനിബന്ധനകളിൽ ഒന്നു അടുത്ത മെറ്റൽ റോഡിലേക്കുമരവും വിറകും എത്തിച്ചുകൊടുത്തു ഗവൺമെണ്ടു ലോറികളിൽ കൊണ്ടുപോയി നിശ്ചിത സ്ഥലങ്ങളിൽ ശേഖരിക്കുവാനാണോ;

(ഡി) ലേലക്കാരൻ പണികൾ തുടങ്ങാതെയും നിശ്ചിത സംഖ്യ കെട്ടിവെക്കാതേയും ആണോ ആദ്യ ലേലക്കാരന്റെ നഷ്ടോത്തരവാദത്തിന്മേൽ രണ്ടാമതും ലേലം വിളിച്ചതു;

(ഇ) രണ്ടാമത്തെ ലേലം എന്നാണു ഉണ്ടായതു; ആയതു സ്ഥിരപ്പെടുത്തിയോ; ഇല്ലെങ്കിൽ കാരണമെന്തു;

(എഫ്) ആദ്യലേലക്കാരൻ ഇപ്പോൾ, പണികളിൽ പ്രവേശിച്ചു എന്നു പ്രസ്താവിച്ചു കാണുന്നതു ശരിയാണോ; ആണെങ്കിൽ എന്തു വ്യവസ്ഥയിന്മേലാണു; ആദ്യലേലക്കാരനെ പണികൾ തുടങ്ങാൻ അനുവദിച്ച കല്പനകളുടെ പകർപ്പു അനുബന്ധമായി ചേർക്കാമോ;

(ജി) രണ്ടാം ലേലക്കാരനെ അയാളുടെ ലേലം റദ്ദാക്കിയതായി അറിയിച്ചിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) ഉവ്വ്.

(ബി) ഇല്ല.

(സി) അതേ.

(ഡി) അല്ല.

(ഇ) ൧൯൪൭ മേടം ൨൫-൦൯. ഇല്ല. ആദ്യത്തെലേലപ്രകാരമുള്ള റെയിറ്റ് രണ്ടാമത്തെ ലേലപ്രകാരമുള്ള റെയിറ്റിനേക്കാൾ ഗവൺമെണ്ടിനു ഗുണകരമായി കാണുക കാരണം.

(എഫ്) ലേഖനത്തിന്റെ തിയ്യതി ദിവസം (അതായതു് ൧൯—൯—൪൭) ആദ്യലേലക്കാരനെ പണി തുടരുവാൻ സമ്മതിച്ചിട്ടില്ല. മുൻ ചോദ്യത്തിലെ ഉത്തരത്തിൽ പറയുന്ന കാരണത്താൽ ലേലനിബന്ധനയനുസരിച്ചു് ആദ്യ ലേലക്കാരനെ പണിതുടരുവാൻ ൧൯—൧൦—൪൭-ൽ കല്പന കൊടുത്തതനുസരിച്ചു് ഇപ്പോൾ പണി തുടങ്ങി വരുന്നുണ്ടു്.

(ജി) ഉവ്വ്.

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറീത്: ഡി എന്ന ഉപചോദ്യത്തിനു് അല്ല, എന്നു് ഉത്തരം പറഞ്ഞിട്ടുണ്ടു്, പിന്നെ എന്തിനാണു് രണ്ടാമതു ലേലം വച്ചതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: ആ ഉത്തരം തെറ്റാണു്.

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറീത്: രണ്ടാമത്തെ ലേലം ഉറപ്പിച്ചിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഉവ്വ്.

മിസ്റ്റർ ജോസ്സു് കെ. വഗ്ഗീസ്സ്: എന്തിനാണു് രണ്ടാമതു ലേലം വിളിച്ചതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: ആദ്യലേലക്കാരൻ ലേലപ്രകാരമുള്ള സംഖ്യ കെട്ടിവെയ്ക്കാഞ്ഞതുകൊണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറീത്: ഇപ്പോൾ ആരാണ് ലേലംവിളിച്ചത്?

മിസ്റ്റർ പറമ്പി ലോനപ്പൻ: ആദ്യത്തെ ആൾ തന്നെ. ആദ്യലേലം ക്യാൻസൽ, ആയപ്പോൾ രണ്ടാമത്തെ ആൾ അപേക്ഷ കൊടുത്തു. അതിനെക്കുറിച്ച് അന്വേഷണം നടത്തിയപ്പോൾ, ആദ്യത്തെ ആൾക്കു കൊടുക്കുന്നതാണ് ഗുണകരമെന്നു ഗവമ്മെണ്ടിനു തോന്നി. അതുകൊണ്ട് അയാൾക്കു കൊടുത്തു.

മിസ്റ്റർ ജോസ്സ് കെ. വട്ടീസ്: ഈ രണ്ടു ആളുകളുടേയും പേരു പറയാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ആദ്യത്തെ ആൾ നാണുമേനോൻ. പിന്നത്തെ ആൾ വാവു.

മിസ്റ്റർ ജോസ്സ് കെ. വട്ടീസ്: ഈ നാണുമേനോൻ നെല്ലായി നിയോജകമണ്ഡലത്തിലെ ഒരു വലിയ പ്രമാണിയാണെന്നു ഗവമ്മെണ്ടിനറിയാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അറിഞ്ഞുകൂടാ.

മിസ്റ്റർ ജോസ്സ് കെ. വട്ടീസ്: ഏതു മാസത്തിലാണ് ഇതു ഏല്പിച്ചു കൊടുത്തത്?

മിസ്റ്റർ പറമ്പി ലോനപ്പൻ: ൧൯൪൭ ൭-ൽ

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: മിസ്റ്റർ നാണുമേനവന്റെ കരാറിന്റെ റേറു എന്താണെന്നു ഗവമ്മെണ്ടിനു് അറിയാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: രൂ ൭½ രൂപയാണ്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: രണ്ടാമത്തെ ആളുടെ റേറോ ആദ്യത്തെ ആളുടെ റേറോ ഗവമ്മെണ്ടിനു കൂടുതൽ ആദായകരം?

മിസ്റ്റർ പറമ്പി ലോനപ്പൻ: ആദ്യത്തെയാളുടെയാണു് കൂടുതൽ ആദായകരം.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: നാണുമേനവന്റെ ആദായകരമായ റേറു സ്വീകരിച്ചതു് അദ്ദേഹത്തിനു കൂടുതൽ സൌകര്യങ്ങൾ ചെയ്തുകൊടുത്തുകൊണ്ടല്ലേ?

മിസ്റ്റർ പറമ്പി ലോനപ്പൻ: മരം വെട്ടിയിറക്കി മെറ്റൽ റോഡിൽകൂടി കൊണ്ടുവരണം എന്നുള്ള വ്യവസ്ഥ ആദ്യം നാണുമേനവൻ സമ്മതിച്ചില്ല. അതുകൊണ്ടു് ആദ്യത്തെ ലേലം ക്യാൻസൽചെയ്തു രണ്ടാമതു ലേലത്തിനുവച്ചു. അപ്പോൾ അയാൾ രണ്ടാമതു് അപേക്ഷ കൊടുത്തു. അതിൽ പറഞ്ഞിട്ടുള്ള റേറു ഗവമ്മെണ്ടിനും ആദായകരമായി തോന്നിയതുകൊണ്ടു് അതു സ്വീകരിച്ചു.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: മെറ്റൽ റോഡിൽകൂടി കൊണ്ടുവരണമെന്നുള്ള കണ്ടീഷൻ അനുസരിച്ചാണല്ലോ രൂ ൭½ രൂപ റേറു വച്ചുകൊടുത്തിരിക്കുന്നതു്. അതു മെറ്റൽ റോഡിലേയ്ക്കു കൊണ്ടുവരാനുള്ള സൌകര്യം കാട്ടിലുള്ള റോഡിൽകൂടിയാണല്ലോ. ആ കാട്ടിലുള്ള റോഡു ഗവമ്മെണ്ടു വെട്ടികൊടുത്തതല്ലേ?

മിസ്റ്റർ പറമ്പി ലോനപ്പൻ: നോട്ടീസുവേണം.

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറീയ്: ഗവമ്മെണ്ടുലോറി എവിടെ ചെന്നിട്ടാണു വിറകു് കയറ്റിക്കൊണ്ടുപോരുന്നതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഉള്ളിലേയ്ക്കു പോയിട്ടാണ്.

മിസ്റ്റർ ടി കെ. എൽ. കുഞ്ഞുവറീയ്: ആ വഴിക്കു ലോറി ഓടുന്നതുകൊണ്ടു് എത്ര രൂപ നഷ്ടം വരുന്നുണ്ടു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: നോട്ടീസുവേണം.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ആദ്യത്തെ ലേലക്കാരനു് കൊടുത്തതുകൊണ്ടു് രൂ ൭,൪൦൦ രൂപ ഗവമ്മെണ്ടിനു ലാഭമുണ്ടാകുമെന്നു കണക്കാക്കിയിട്ടില്ലേ?

മിസ്റ്റർ പറമ്പി ലോനപ്പൻ: രൂ ൮,൪൦൦ രൂപ ലാഭമുണ്ടാകുമെന്നു കണക്കാക്കിയിട്ടുണ്ടു്.

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറീയ്: ആദ്യത്തെ ലേലക്കാരനെ ഏല്പിച്ചതുകൊണ്ടു് രൂ൮,൪൦൦ രൂപ കൂടുതൽ കിട്ടുന്നുണ്ടെങ്കിലും മറ്റു വഴിക്കു ൮൦,൦൦൦ രൂപ നഷ്ടം വരുന്നുണ്ടെന്നുള്ളതു ഗവമ്മെണ്ടിനറിയാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: നോട്ടീസുവേണം.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: മെറ്റൽ റോഡിൽക്കൂടി കൊണ്ടുവന്നുതരാൻ നിശ്ചയം വച്ചിട്ട് അതു കൊണ്ടുവരുന്നതു് കാട്ടിൽക്കൂടിയാണെന്നു സമ്മതിക്കുന്നില്ലേ; അതുനിമിത്തം കാടിന്നു കേടുവന്നിട്ടുണ്ട് എന്നുള്ളതറിയാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: കാടിന്നു വലിയ കോട്ടം പറ്റിയിട്ടില്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ലോറിയ്ക്കു വല്ല കേടും പറ്റിയിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഉവ്വ്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ൯൫, ൦ ൦ ൦ രൂപയുടെ ആദായം ഉദ്ദേശിച്ചു് ഇതു ആദ്യലേലക്കാരനു കൊടുത്തതുകൊണ്ടു് ഇപ്പോൾ അതിലധികം രൂപ നഷ്ടത്തിലല്ലേ നില്ക്കുന്നതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: നോട്ടീസുവേണം.

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറീയ്ക്കു്: രണ്ടാമത്തെ ലേലത്തിനു ലോറി അനുവദിച്ചു കൊടുക്കാമെന്നു സമ്മതിക്കുകയുണ്ടായോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: മെറ്റൽ റോഡിൽ കൊണ്ടുവന്നു തരണമെന്നുള്ളതാണു് ആദ്യത്തെ ആവശ്യം. അതുപ്രകാരമാണു രണ്ടാമത്തെ ലേലത്തിൽ സമ്മതിച്ചിട്ടുള്ളതു്.

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറീയ്ക്കു്: ഇപ്പോൾ ചെയ്തുകൊടുത്ത സൗകര്യം ആദ്യം ചെയ്യാമെന്നു പറഞ്ഞിട്ടുണ്ടായിരുന്നോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: രണ്ടാമതു ലേലംവിളിച്ചപ്പോൾ മലഡിപ്പാട്ട്മെൻറിലെ വല്ല ഉദ്യോഗസ്ഥന്മാരും കരാറുകാരുടെ ഇടയിൽ കടന്നു വല്ലതും പ്രവർത്തിച്ചിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: എനിയ്ക്കറിവില്ല.

മിസ്റ്റർ പി. കെ. പോൾ: വാവുവിന്റെ വീട്ടുപേരെന്താണു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: കോടങ്കണ്ടത്തു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: രണ്ടാമത്തെ ലേലത്തിൽ സമ്മതിച്ച ൯ ½ രൂപയുടെ റേറു മെറ്റൽ റോഡിൽ കൊണ്ടുവന്നു തരാനുള്ളതല്ലേ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതേ.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: പിന്നെ എന്താണു് അങ്ങിനെ ചെയ്യാത്തതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: മെറ്റൽറോഡിലാണു കൊണ്ടുവന്നു തരുന്നതു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: കാട്ടിൽ ഉപയോഗിക്കുന്ന റോഡു മെറ്റൽ ചെയ്തിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: കുറെയൊക്കെ മെറ്റൽചെയ്തിട്ടുണ്ടു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: മെറ്റൽറോഡിൽ കൊണ്ടുവന്നുതരണമെന്നു പറഞ്ഞതു ലോറിയ്ക്കു കേടുപറ്റാതിരിയ്ക്കാൻ വേണ്ടിയല്ലേ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതേ.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഇപ്പോൾ അതുപ്രകാരം ചെയ്യുന്നുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇല്ല.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: കാട്ടിൽക്കൂടിയുള്ള റോഡുണ്ടാക്കിയതു കരാറുകാരനല്ലേ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതേ.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ലേലംസംബന്ധിച്ചു ഗസറ്റിൽ ഇന്ന റോഡിൽ കൊണ്ടുവന്നുതരണമെന്ന പരസ്യംചെയ്തിട്ടുണ്ടല്ലോ? ലേലം നടത്തുന്ന സമയത്തു് അതിൽ വല്ല വ്യത്യാസവും ചെയ്തിട്ടുണ്ടോ?

മിസ്റ്റർ പറമ്പിലോനപ്പൻ: മെറ്റൽറോഡിൽ കൊണ്ടുവന്നുതരണമെന്നാണു വ്യവസ്ഥ ചെയ്തിട്ടുള്ളതു്. അതിൽനിന്നു വ്യത്യാസംവരുത്തിയിട്ടില്ല.

മിസ്റ്റർ ജോസ്സ് കെ. വട്ടിപ്പുണ്ണ്: ഈ റോഡിന്നു് എത്ര മൈൽ നീളമുണ്ടു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: നോട്ടീസുവേണം.

LIBRARY ARCHIVES Kerala Legislative Assembly